കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - താൽക്കാലിക / കാഷ്വൽ സ്വീപ്പർമാരെ സ്ഥിരപ്പെടുത്തൽ - മുൻകാലപ്രാബല്യം ഒഴിവാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (വ്യയം-സി) വകുപ്പ്

സ.ഉ. (അച്ചടി) നം. 58/2018/ധന — തീയതി, തിരുവനന്തപുരം, 10/04/2018

---

പരാമർശം:- 1. സ.ഉ. (പി) നം. 501/2005/ധന തീയതി 25.11.2005.

2. സ.ഉ. (പി) നം. 61/2010/ധന തീയതി 09/02/2010.

3. സർക്കുലർ നം. 19/2016/ധന തീയതി 05/03/2016.

## ഉത്തരവ്

സൂചന (1), (2) സർക്കാർ ഉത്തരവുകൾ അനുസരിച്ച് സർക്കാർ ഓഫീസുകളിൽ 11/2005-ന് മുമ്പ് നിയമിക്കപ്പെട്ട കാഷ്വൽ സ്വീപ്പർമാരെ സ്വീപ്പിംങ്ങ് ഏരിയയുടെ അടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന (3) സർക്കുലർ പ്രകാരം ക്രമവൽക്കരിക്കുന്നതിനുള്ള പുതിയ അപേക്ഷകൾ മേൽ സർക്കുലർ തീയതിക്ക് ശേഷം ഒരു കാരണവശാലും പരിഗണിക്കുന്നതല്ല എന്ന് നിർദ്ദേശിച്ചിരുന്നു. എന്നിരുന്നാലും വിവിധ സർക്കാർ വകുപ്പുകളിൽ താൽക്കാലിക / കാഷ്വൽ സ്വീപ്പർമാരെ മുൻകാല പ്രാബല്യത്തോട കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലും അല്ലാതെയും സ്ഥിരപ്പെടുത്തിയിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരുത്തുന്ന നടപടിയാണ്. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ച്, കാഷ്വൽ / താൽക്കാലിക സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ അടിയന്തിരമായി പുറപ്പെടുവിക്കുന്നു.

1. സർക്കാർ വകുപ്പുകളിൽ ഏതെങ്കിലും സാഹചര്യത്തിൽ സർക്കാരിന്റെ അംഗീകാരത്തോടെ നിയമ പ്രകാരം കാഷ്വൽ / താൽക്കാലിക സ്വിപ്പർമാരെ സ്ഥിരപ്പെടുത്തുകയാണെങ്കിൽ, ടി സ്ഥിരപ്പെടുത്തലിന് ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യം നൽകേണ്ടതാണ്.
2. ഉദ്യോഗക്കയറ്റം, പെൻഷൻ, മറ്റ് സേവനാനുകൂല്യങ്ങൾ മുതലായ ഒന്നിനും സ്ഥിരപ്പെടുത്തുന്ന തീയതിക്ക് മുൻപുള്ള സേവനകാലം പരിഗണിക്കുന്നതല്ല.

3. മേൽ ഉത്തരവുകൾക്ക് വിരുദ്ധമായി വകുപ്പുതലവന്മാർ / നിയമനാധികാരി നിയമന ഉത്തരവ് പുറപ്പെടുവിച്ചാൽ തന്മൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുന്ന ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡി. കൃഷ്ണപ്രിയ

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

1. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ)), കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ), കേരള, തിരുവനന്തപുരം
4. ഗവർണ്ണറുടെ സെക്രട്ടറി
5. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
6. എല്ലാ വകുപ്പ് മേധാവികൾക്കും, ഓഫീസ് മേലധികാരികൾക്കും
7. സെക്രട്ടേറിയറ്റിലെ സെക്രട്ടറിമാർ / അഡീഷണൽ സെക്രട്ടറിമാർ / ജോയിന്റ് സെക്രട്ടറിമാർ / ഡെപ്യൂട്ടി സെക്രട്ടറിമാർ /അണ്ടർ സെക്രട്ടറിമാർ
8. സെക്രട്ടറി, കേരള പബ്ലിക സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
9. രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/എം.ജി/കണ്ണൂർ/സംസ്കൃത സർവകലാശാലകൾ
10. രജിസ്ട്രാർ, കാർഷിക സർവ്വകലാശാല, തൃശ്ശൂർ
11. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
12. അഡ്വക്കേറ്റ് ജനറൽ, അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ്, എറണാകുളം
13. അഡ്വക്കേറ്റ് ജനറൽ, അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ്, തിരുവനന്തപുരം
14. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ, പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
15. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
16. ബഹു.സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
17. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
18. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
19. നോഡൽ ഓഫീസർ www.finance.kerala.gov.in
20. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Ranjit

സെക്ഷൻ ഓഫീസർ